## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5921 — 28.03.2018 ൽ മറുപടിയ്ക്ക്

### സാമൂഹ്യനീതി വകുപ്പിൽ വനിത പ്രൊട്ടക്ഷൻ ഓഫീസർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പിൽ വനിത പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | ആറ് ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകളിലേക്ക് നിയമനത്തിന് വേണ്ടി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; റാങ്ക് ലിസ്റ്റിൽ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനം നടത്തുന്നതിനായി ഒരു റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ 7 പേർ ഉണ്ട്. |
| (സി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കാമോ; | (സി) | ആർക്കും നിയമനം നൽകിയിട്ടില്ല. |
| (ഡി) | എന്തുകൊണ്ടാണ് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ വൈകുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഓഫീസ് അറ്റൻഡന്റ്, ജൂനിയർ സൂപ്രണ്ട്, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർ എന്നീ തസ്തികകളിൽ നിന്നും അടിസ്ഥാന ശമ്പളം 24,600/- മുതൽ 46,900/- വരെ വാങ്ങുന്ന ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ട്. ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിഭാഗം ജീവനക്കാരും വനിതാ പ്രൊട്ടക്ഷൻ ഓഫീസറുടെ ലോവർ സ്കെയിലായ 35,700/-നേക്കാൾ കൂടുതൽ അടിസ്ഥാന ശമ്പളം വാങ്ങുന്നവരാണ്. വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നതിനായി തയ്യാറാക്കിയ റാങ്ക് പട്ടികയിൽ നിന്നും ജീവനക്കാർക്ക് താൽക്കാലിക നിയമനം നൽകുമ്പോൾ ഇവരുടെ അടിസ്ഥാന ശമ്പളം, ശമ്പള സ്കെയിൽ, നിയമന കാലയളവ് എന്നീ കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ഇ) | നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്രയും വേഗത്തിൽ നിയമനം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (ഇ) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.